# ഭദ്രദീപ

**ഭദ്രാവതി രൂപതാബുള്ളറ്റിൻ**

**Vol. 12, No. 3** **September - October, 2018**

Edited & Published by Fr. Sajeesh Mathew Thrikkodanmalil
Bishop's House, Bodhana Pastoral Centre, Hale Jedikatte,
Bhadravathi - 577301, Karnataka

Cover Design : Ajai Elavuthinkal

Printed at : Matha Printers, Bangalore
9886809060

*for private circulation only*

# ഉള്ളടക്കം

സർക്കുലർ.....................................................................................4

സർക്കുലർ.....................................................................................7

സർക്കുലർ.................................................................................... 10

മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ........................................ 13

രൂപതാകച്ചേരി വാർത്തകൾ........................................................ 17

മതബോധന – ബൈബിൾ കമ്മീഷൻ .......................................... 27

വിദ്യാഭ്യാസ പ്രേക്ഷിതത്ത്വം........................................................... 29

യുവജന പ്രേഷിതത്വം.................................................................. 29

സീറോ മലബാർ മാതൃവേദി .......................................................... 31

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ................................ 32

Bishop's Diary........................................................................................34

Bishop's Programme.........................................................................36

Kannada Section..................................................................................38

# സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

കഴിഞ്ഞ ഏതാനും ആഴ്ചകളായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് കേരളത്തിലും, കർണ്ണാടകത്തിന്റെ ചില പ്രദേശങ്ങളിലും മുമ്പെങ്ങുമുണ്ടായിട്ടില്ലാത്തവിധം തകർത്തുപെയ്യുന്ന മഴയും തന്മൂലമുണ്ടാകുന്ന വെള്ളപ്പൊക്കവും മണ്ണിടിച്ചിലും മൂലം സംജാതമായി രിക്കുന്ന അതീവ ഗുരുരതമായ സാഹചര്യത്തെകുറിച്ച് നമുക്കേവർക്കും അറിവുള്ളതാണല്ലോ, സമാനകളില്ലാത്തവിധം ഭീകരമാണ് കനത്തമഴ വരുത്തിയിരിക്കുന്ന ദുരന്തം. ആഴ്ചകളായി തകർത്തുപെയ്യുന്ന മഴയിൽ ഏറ്റവും തകർച്ചനേരിട്ടിരിക്കുന്നതും മനുഷ്യരും, ജീവജാലങ്ങളും ഏറ്റവും കഷ്ടതകളനുഭവിക്കുന്നതും നമ്മുടെപ്രിയപ്പെട്ട കേരളത്തി ലാണ്.

വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും ചില കുടുംബങ്ങൾ പാടേ തകർന്നുപോയി. നിരവധിപേർക്കു ജീവഹാനി സംഭവിച്ചു. അനേകരുടെ ഭവനങ്ങൾ തകർന്നു. വ്യാപകമായി കൃഷിനശിച്ചു. റോഡുകളും പാലങ്ങളും തകർന്നു. ഇപ്പോഴും മഴയ്ക്ക് ശമനമായിട്ടില്ല. കേരളത്തി ലെ എല്ലാ ഡാമുകളും അവയുടെ ഷട്ടറുകൾ പൂർണ്ണമായി തുറന്നി രിക്കുന്നു. പാർപ്പിടങ്ങൾ വെള്ളത്തിൽ മുങ്ങിയ അനേകായിരങ്ങൾ ദുരി താശ്വാസക്യാമ്പുകളിൽ അഭയം പ്രാപിച്ചിരിക്കുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും സേനാവിഭാഗങ്ങളും സന്നദ്ധസംഘടനകളും മുഴുവൻസമയ രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങ ളിലും മുഴുകിയിരിക്കുന്നു. എന്നത് ദുരിതത്തിൽപെട്ടവർക്ക് വലിയ ആശ്വാസമാകുന്നുണ്ടെങ്കിലും പ്രശ്നങ്ങൾക്കു പൂർണ്ണ പരിഹാരമാ കുന്നില്ല.

നമ്മുടെ ആയിരക്കണക്കിന് സഹോദരങ്ങൾ ദുരിത്തിൽപ്പെട്ടുഴ ലുമ്പോൾ നമുക്ക് അവരെ കണ്ടില്ല എന്ന് നടിക്കാനാവില്ല. ആഹാരം പോയിട്ട് ശുദ്ധജലംപോലും അമൂല്യ വസ്തുവായി മാറുന്ന അവസ്ഥയിൽ നാം നൽകുന്ന ഏതു സഹായവും അതെത്ര ചെറുതാ ണെങ്കിലും വിലമതിക്കാത്തതാവുന്നു. പ്രകൃതി ദുരന്തത്തിൽ എല്ലാം

നഷ്ടപ്പെട്ട് നിസ്സഹായരായി നിൽക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് നമ്മളാൽ കഴിയുന്ന സഹായമെത്തിക്കുക എന്നത് മാനുഷികവും ക്രിസ്തീയവുമായ ധർമ്മമാണ്. പ്രകൃതി ദുരന്തങ്ങൾ എവിടെയും ആർക്കും സംഭവിക്കാവുന്നതാണ് എന്ന് തിരിച്ചറിയിക്കാൻ നമുക്ക് മുന്നിട്ടിറങ്ങാം.

എങ്ങിനെയൊക്കെയാണ് നമുക്ക് സഹായമെത്തിക്കാൻ കഴി യുക? ഒന്നാമതായി നമുക്ക് ദൈവകരുണയിൽ ആശ്രയംവെയ്ക്കാം. മഴകുറഞ്ഞ് പ്രളയം ശമിക്കുന്നതിനായി പ്രപഞ്ചനിയന്താവും കാരുണ്യവാനുമായ ദൈവത്തോട് നമുക്ക് തീവ്രമായി പ്രാർത്ഥിക്കാം. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും കൂട്ടമായും അതോടൊപ്പം നമ്മുടെ എല്ലാഭവനങ്ങളിലും ഈ ദിനങ്ങളിൽ ഈ നിയോഗത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. വികാരിയച്ചൻമാർ ഇക്കാര്യത്തിൽ വേണ്ടനിർദ്ദേശങ്ങളും നേതൃത്വവും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

രണ്ടാമതായി ദുരിതബാധിതരെ സഹായിക്കുന്നതിനായി കഴിയുന്നത്ര സാമ്പത്തികവും മറ്റു രീതിയിലുള്ളതുമായ സഹായങ്ങൾ എത്തിക്കുകഎന്നുള്ളതാണ്. കേരളം മുഴുവൻ ദുരിതബാധി തമായിരിക്കുന്ന സാഹചര്യത്തിലും വളരെ വിപുലമായ രീതിയിൽ സഹായമെത്തിക്കുക നമുക്ക് അസാധ്യമായതിനാലും നാം ശേഖരിക്കുന്ന വസ്തുക്കളും പണവുമൊക്കെ നമ്മുടെ മാതൃരൂപതായ മാനന്തവാടി രൂപതയുടെനേതൃത്വത്തിൽ വയനാട്ടിലെ ദുരിതാശ്വാസ കേന്ദ്രങ്ങളി ലെത്തിക്കുവാനാണ് നാം ശ്രമിക്കുക.

ദുരിതാശ്വാസ ക്യാംപുകളിൽകഴിയുന്നവർക്ക് ഇപ്പോൾ ഏറ്റവും ആവശ്യമുള്ളത് ഭക്ഷണസാധനങ്ങളും ശുദ്ധജലവുമൊക്കെയാണ്. ഇതിലേക്കായി അരി,പയറുവർഗ്ഗങ്ങൾ അതുപോലെ വേഗം കേടുവരാത്ത മറ്റുഭക്ഷണവസ്തുക്കൾ എന്നിവ ശേഖരിച്ച് അവ ദുരിതാശ്വാസകേന്ദ്രങ്ങളിൽ നമുക്ക് എത്തിക്കുവാനും ഓരോ ഇടവകകൾക്കും ഇതിൽ എത്രമാത്രം നൽകുവാനാകും എന്നവിവരം അടുത്ത തിങ്ങളാഴ്ച (ആഗസ്റ്റ് 20) തന്നെ നമ്മുടെ രൂപതാ സാമൂഹ്യ സേവന ഡയറക്ടർ ഫാ. അബ്രഹാം അരീപ്പറമ്പലിനെ വിളിച്ചറിയി ക്കേണ്ടതാണ്.

പ്രളയശേഷം ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും മടങ്ങി എത്തുമ്പോൾ പലരേയും കാത്തിരിക്കുക തകർന്നവീടുകളും നശിച്ചു പോയ കൃഷിയിടങ്ങളുമായിരിക്കും. അവർക്ക് വീണ്ടുംജീവിതം കരുപ്പി ടിപ്പിക്കുന്നതിന് മറ്റുള്ളവരുടെ സഹായംകൂടിയേ തീരു. ഇതിനായി സാമ്പത്തികമായി കഴിയുന്ന സഹായം നമുക്ക് നൽകാം. ഇതിലേക്കായി അടുത്ത ഞായറാഴ്ചകളിലൊന്നിൽ (16/08, 26/08) നമ്മുടെ എല്ലാ ഇടകകളിലും കുർബ്ബാനമദ്ധ്യേ പ്രത്യേക സ്തോത്രകാഴ്ച എടുത്ത് പിരിഞ്ഞു കിട്ടുന്ന തുക എത്രയും വേഗം (ഈ മാസം 31നകം) രൂ പതാ കേന്ദ്രത്തിലെത്തിക്കണമെന്ന് ഹൃദയപൂർവ്വം എല്ലാവരോടും അഭ്യർത്ഥിക്കുന്നു. കൂടുതൽ തുക സംഭാവനനൽകുവാൻ കഴി യുന്നവർക്കും, സന്യാസഭവനങ്ങൾക്കും, സ്ഥാപനങ്ങൾക്കും തങ്ങൾക്കാവുന്ന സംഭാവന ആവശ്യമെങ്കിൽ രൂപതാ കേന്ദ്രത്തിൽ നേരിട്ട് ഏൽപ്പിക്കാവുന്നതാണ്. കേരളത്തിലെ അതീവ ഗുരുതര സാഹചര്യം കണക്കിലെടുത്ത് ഓണാഘോഷങ്ങളും അതുപോ ലുള്ള മറ്റാഘോഷങ്ങളും വേണ്ടെന്ന് വെച്ചുകൊണ്ട് അതിനായിചില വഴിക്കുവാൻ ഉദ്ദേശിച്ചിരുന്ന തുക ദുരിതബാധിതരെ സഹായിക്കുന്നതി നായി നൽകുവാൻ സ്നേഹത്തോടെ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

ഈശോയിൽ പ്രിയ സഹോദരങ്ങളേ, ഏറ്റവും വേദനാജനകമായ ഈ സാഹചര്യത്തിൽ ദുരിതത്തിൽ മുങ്ങിനിൽക്കുന്ന നമ്മുടെ സഹോദരങ്ങളോട് നമുക്ക് ചേർന്നുനിൽക്കാം പ്രാർത്ഥനയിലൂടെയും ഒപ്പം നമുക്ക് കഴിയാവുന്ന മറ്റു സഹായങ്ങളിലൂടെയും ദുരിതബാധിതരെ സഹായിക്കാനുള്ള ഈ പരിശ്രമത്തിൽ നാമെല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് സ്നേഹപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു. കാരുണ്യവാനായ ദൈവം നമ്മുടെ നാടിനോടും നാമെല്ലാവരോടും കരുണ കാണിക്കട്ടെ. സ്വാതന്ത്ര്യദിന, സ്വർഗ്ഗാരോഹണത്തിരുന്നാൾ മംഗളങ്ങൾ നിങ്ങൾക്കെല്ലാവർക്കും നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

മാർ ജോസഫ് അരുമച്ചാടത്ത്
ഭദ്രാവതി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ ആഗസ്റ്റ് 19 ഞായറാഴ്ച വിശുദ്ധ കുർബ്ബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.*

# സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

ഒരു നന്ദി വാക്കുപറയുന്നതിനും, ഹൃദയത്തിൽ നിങ്ങളോടുള്ള സന്തോഷം പ്രകടിപ്പിക്കുന്നതിനുമാണ് ഇതെഴുതുന്നത്. നമ്മെയെല്ലാവരെയും ഏറെ വേദനിപ്പിച്ചതും ആശങ്കയിലാഴ്ത്തിയതുമായ സംഭവമായിരുന്നു അടുത്ത കാലത്ത് കേരളത്തലുണ്ടായ ഈ നൂറ്റാണ്ടിലെ മഹാപ്രളയം. പ്രളയം നമ്മുടെനാടിനു വരുത്തിയ നാശനഷ്ടങ്ങളും കെടുതികളുമെല്ലാം നമുക്കേവർക്കും അറിവുള്ളതാണല്ലോ, ആയിരക്കണക്കിനു കോടി രൂപയുടെ നഷ്ടമാണ് ഈ ദുരന്തം സമ്മാനിച്ചത്. നൂറ് കണക്കിനാളുകൾക്ക് ജീവഹാനി സംഭവിച്ചു. അനേകരുടെ ജീവിതകാല സമ്പാദ്യം മുഴുവൻ പ്രളയജലത്തിൽ ഒലിച്ചുപോയി. ആയിരങ്ങൾ ഭവനരഹിതരായി. ലക്ഷകണക്കിന് മനുഷ്യരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്കും മാറ്റേണ്ടി വന്നു. ഇങ്ങനെ ഒരു വശത്ത് പ്രളയം വിതച്ച മഹാദുരിതങ്ങൾക്ക് നാം സാക്ഷ്യം വഹിച്ചപ്പോൾ മറുവശത്ത് വളരെ ആശ്വാസപ്രദമായ കാഴ്ചകളും നാം കണ്ടു. ദുരന്തത്തിൽപെട്ടവരെ രക്ഷിക്കുന്നതിനും അവർക്ക് ആശ്വാസവും സഹായവും എത്തിക്കുന്നതിനുമായി കേരളം മുഴുവൻ ഒരുമനസ്സോടെ കൈകോർത്തുനിന്ന കാഴ്ച ഇതിലൊന്നാണ്. ലോകമെമ്പാടുമുള്ള മലയാളികളും, കേരളത്തിനു പുറത്തുനിന്നുള്ള ഭാരതീയരായ നമ്മുടെ സഹോദരങ്ങളും അന്യ രാജ്യക്കാരുമെല്ലാം ഈ മഹായജ്ഞത്തിൽ സഹകരിച്ചു. മനുഷ്യത്വത്തിന്റെ വലിയ വിജയം മനുഷ്യന്റെ ഉള്ളിലുള്ള ദൈവാംശത്തിന്റെ നന്മയുടെ സ്വാഭായികമായ പ്രകാശനം, ഇതാണ് നാമിവിടെ കണ്ടത്.

ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളെ സഹായിക്കുന്നതിനും, കൈ പിടിച്ചുയർത്തുന്നതിനുമുള്ള ഈയജ്ഞത്തിൽ കഴിവിനൊത്ത് നാമെല്ലാവരും സഹകരിക്കണമെന്ന് ഞാൻ നിങ്ങളെ ആഹ്വാനംചെയ്തിരുന്നു. എന്റെ ഈ അഭ്യർത്ഥനയോട് വളരെ ഭാവാത്മകമായും ആത്മാർത്ഥമായുമാണ് നിങ്ങളെല്ലാവരും പ്രതികരിച്ചത് എന്നത് ഏറെ സന്തോഷംനൽകുന്ന കാര്യമാണ്. നിങ്ങളെ ഓർത്ത് അഭിമാനിക്കുകയും ദൈവത്തിന് നന്ദിപറയുകയും ചെയ്യുന്നതോടൊപ്പം ഈ യജ്ഞത്തിൽ സഹകരിച്ച എല്ലാവരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയും അറിയിക്കുന്നു.

പ്രളയബാധിതരായ സഹോദരങ്ങളോട് ചേർന്നു നിൽക്കുവാൻ പല രീതിയിൽ നാം പരിശ്രമിച്ചു. പ്രളയത്തിന്റെ ദിനങ്ങളിൽ ദൈവകാരുണ്യം യാചിച്ചുകൊണ്ട് നമ്മുടെഎല്ലാ ദേവാലയങ്ങളിലും സന്യാസഭവനങ്ങളിലും പ്രാർത്ഥനകൾക്ക് നേതൃത്വംനൽകിയ എല്ലാവർക്കും സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവകമായ നന്ദി.

അതോടൊപ്പം സാധനങ്ങളും വസ്ത്രങ്ങളും, മരുന്നും, ശുചീകരണ വസ്തുക്കളുമടങ്ങിയ 5 ലോഡു സാധനങ്ങൾ സമാഹരിച്ച് വയനാട്ടിലും, ചങ്ങനാശ്ശേരിയിലുമുണ്ടായിരുന്ന ദുരിതാശ്വാസകേന്ദ്രങ്ങളിലെത്തിക്കുവാൻ നമുക്കുകഴിഞ്ഞു. ഇപ്രകാരം സഹായ വസ്തുക്കൾ സമാഹരിക്കുന്നതിനും അത് ദുരിതാശ്വാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും നേതൃത്വം നൽകിയ എല്ലാവർക്കും ഹൃദയസംഗമമായ നന്ദി. അതുപോലെതന്നെ നമ്മുടെ ഇടവകകളിൽ നടത്തിയ സ്ത്രോത്രക്കാഴ്ചയിൽ ഇതുവരെ ലഭിച്ചതനുസരിച്ച് 15 ലക്ഷത്തിലധികം രൂപ നമുക്ക് സമാഹരിക്കുവാൻ കഴിഞ്ഞു. മുഴുവൻതുകയും പിരിഞ്ഞു കിട്ടുമ്പോൾ ഇത് 20 ലക്ഷത്തോളമാകുമെന്നു കരുതുന്നു. (കൃത്യമായ കണക്കുകൾ പിന്നീട് അറിയിക്കുന്നതാണ്) ഇപ്രാകാരം സമാഹരിച്ച തുക എങ്ങിനെ വിതരണം ചെയ്യണം എന്നതിനെകുറിച്ച് നമ്മുടെ രൂപത ആലോചനാ സമിതികളിൽ ആലോചിച്ചിരുന്നു. അതനുസരിച്ച് പിരിഞ്ഞുകിട്ടുന്ന തുകയിൽ ഒരുലക്ഷംരൂപ കേരളത്തോടൊപ്പം പ്രളയദുരിതമനുഭവിച്ച കർണ്ണാടകയിലെ കുടക് ജില്ലയിലെ ദുരിതാശ്വാസനിധിയിലേയ്ക്കും ഭാരതകത്തോലിക്കാ സഭയുടെ സാമൂഹ്യപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന കരിത്താസ് ഇന്ത്യയുടെ ദുരിതാശ്വാസനിധിയിലേക്കും നൽകും. അതോടൊപ്പം കേരളത്തിൽ ഏറ്റവുമധികം നാശനഷ്ടമുണ്ടായ ഒരു പ്രദേശത്ത് അവിടെയുള്ള രൂപതാധികാരിളോട് സഹകരിച്ച് ഭവനനിർമ്മാണ പ്രവർത്തനങ്ങളിൽ നമ്മൾ സഹകരിക്കും. ഇതേകുറിച്ചുള്ള എല്ലാ വിശദാംശങ്ങളും, കണക്കുകളും ഭദ്രദീപയുടെ അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

കേവലം പതിനായിരത്തോളം വരുന്ന തികച്ചും സാധാരണക്കാരനായ വിശ്വാസികൾമാത്രം ഉൾപ്പെടുന്ന ഒരു കൊച്ചു ക്രൈസ്തവസമൂഹമാണ് ഭദ്രാവതി രൂപത ദുരിതത്തിൽപ്പെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കുവാൻ സ്വന്തബുദ്ധിമുട്ടുകൾമറന്നും നിങ്ങളെല്ലാവരും മുമ്പോട്ടുവന്നു. അത്ഭുതപൂർവ്വമായ സഹകരണമാണ് ഇക്കാര്യത്തിൽ

നിങ്ങൾ കാണിച്ചത്. 'എല്ലാം ദൈവത്തിന്റെ സ്വന്തമാണ്. നമുക്കുള്ളതെല്ലാം നാം ദൈവത്തിൽ നിന്ന് ദാനമായി സ്വീകരിക്കുന്നു.' എന്ന് ജ്ഞാനത്തിന്റെ പുസ്തകത്തിൽ നാം വായിക്കുന്നതുപോലെ ദൈവപരിപാലനയിലുള്ള വിശ്വാസവും അവിടുത്തെ തിരുവചനങ്ങളുമാണ് നമ്മെ ഇതിനു പ്രേരിപ്പിക്കുന്നത്. ദൈവത്തിൽ നിന്ന് നാം ദാനമായി സ്വീകരിക്കുന്നവ ദുരിതമനുഭവിക്കുന്നവരും ആവശ്യമുള്ളവരുമായ നമ്മുടെ സഹോദരങ്ങളുമായി പങ്കുവെക്കുവാൻ നമുക്ക് കഴിയണം. അതിനുള്ള നല്ലൊരവസരമായിരുന്നു ഈ ദുരന്തം നമ്മുടെമുമ്പിൽ വച്ചത്. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാവരേയും ഒരിക്കൽ കൂടി നന്ദിയോടെ ഓർക്കുന്നു. നേതൃത്വം നൽകിയ നമ്മുടെ എല്ലാ വൈദികരെയും, പാസ്റ്ററൽകൗൺസിൽ, പാരീഷ് കൗൺസിൽ അംഗങ്ങളെയും, കൈക്കാരന്മാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരെയും സഹകരിച്ച മറ്റെല്ലാവരെയും ഹൃദയം നിറഞ്ഞ നന്ദിയോടെ അനുസ്മരിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

'സ്വീകരിക്കുന്നതിനേക്കാൾ അനുഗ്രഹീതമാണ് നൽകുന്നത്.' (നടപടി 20:35) എന്ന തിരുവചനം അനുസ്മരിച്ചുകൊണ്ട് ദുരിതമനുഭവിക്കുന്ന എല്ലാവരോടും തുടർന്നും നമുക്ക് കൂടുതൽ ഉദാരതയും കാരുണ്യവുമുള്ളവരാകാം. ഒരുമിച്ച് ഏകമനസ്സോടെ പ്രവർത്തിച്ചാൽ ഇനിയും വലിയകാര്യങ്ങൾ നേടുവാൻനമുക്ക്കഴിയും. കാരുണ്യവാനായ ദൈവം നമ്മെ എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും അടുത്തുവരുന്ന പരിശുദ്ധ അമ്മയുടെ ജനനത്തിരുന്നാൾ മംഗളങ്ങൾ എല്ലാവർക്കും നേർന്നുകൊണ്ടും നിറുത്തട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

മാർ ജോസഫ് അരുമച്ചാടത്ത്
ഭദ്രാവതി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ സെപ്തംബർ 2 ന് ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും കുർബ്ബാനമദ്ധ്യേ വായിക്കണം.*

# സർക്കുലർ

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ഒക്ടോബർ മാസത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ നാം. ഈ മാസത്തിലെ ചില പ്രത്യേകകാര്യങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കന്നതിനും, നിങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നതിനുമാണ് ഇതെഴുതുന്നതു്. ഒക്ടോബർ മാസം ജപമാല മാസമായിട്ടാണല്ലോ അറിയപ്പെടുക. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, സന്യാസഭവനങ്ങളിലും, കുടുംബങ്ങളിലും ഈ മാസം ആഘോഷമായും, ധ്യാനാത്മകമായും ജപമാല അർപ്പിക്കുന്ന പതിവുണ്ടല്ലോ? ഈ നല്ല പരമ്പര്യം നമുക്ക് തുടരാം. ക്രിസ്തു രഹസ്യങ്ങളെക്കുറിച്ച് ധ്യാനിച്ചു കൊണ്ടും, ജീവിത നവീകരണത്തിനായി പരിശ്രമിച്ചു കൊണ്ടും, ജപമാല ചൊല്ലി പരിശുദ്ധ അമ്മയോട് ചേർന്നു തിരുസ്സഭയ്ക്കുവേണ്ടിയും, ലോകം മുഴുവനുവേണ്ടിയും നമുക്കു പ്രാർത്ഥിക്കാം. തിരുസ്സഭാജീവിതം ലോകമെങ്ങും, പ്രത്യേകിച്ച് നമ്മുടെ നാട്ടിലും വലിയ വെല്ലുവിളികളേയും, പ്രതിസന്ധികളെയും നേരിടുന്ന ഈ കാലഘട്ടത്തിൽ സഭയോടു ചേർന്നുനിന്ന് നമുക്കു പ്രാർത്ഥിക്കാം, സ്വന്തജീവിത നവീകരണത്തിലൂടെ സഭാവിശുദ്ധീകരണത്തിനായി പരിശ്രമിക്കാം. തിരുസ്സഭയേയും, പ്രത്യേകിച്ച് നമ്മുടെ രൂപതയേയും, ദൈവമാതാവിന്റെ സംരക്ഷണത്തിന് ഏൽപിക്കാം.

ഈ മാസത്തിൽ നടക്കുന്ന മറ്റൊരു പ്രധാനസംഭവം, ഒക്ടോബർ 3 മുതൽ 28 വരെ റോമിൽ വച്ചുനടക്കുന്ന യുവജനങ്ങളെക്കുറിച്ചുള്ള സിനഡാണ്. സഭയുടെ ഭാവിപ്രതീക്ഷകളായ യുവജനങ്ങളെ കേൾക്കുവാനും, മനസ്സിലാക്കുവാനും, അവരുടെ ജീവിതവിളിയേയും, ദൗത്യത്തെയുംകുറിച്ച്, അവരെ ബോധ്യപ്പെടുത്തുവാനുമുള്ള ആഗോള സഭയുടെ ഈ പരിശ്രമത്തിൽ പ്രാർത്ഥനയിലൂടെ നമുക്കും പങ്കുചേരാം. സിനഡിന്റെ വിജയത്തിനായി ഈ ദിവസങ്ങളിൽ വിശുദ്ധകുർബ്ബാനയിലും, മറ്റവസരങ്ങളിലും പ്രാർത്ഥിക്കണമെന്ന് സ്നേഹപൂർവ്വം ഞാനാഹ്വാനം ചെയ്യുന്നു.

ഒക്ടോബർ മാസത്തിന്റെ മറ്റൊരു പ്രത്യേകതയാണ് ആഗോളസഭാ മിഷൻഞായർ ആചരണം. ഈ വർഷം ഒക്ടോബർ 28 നാണ് സാർവ്വത്രിക സഭ മിഷൻ ഞായർ ആയി ആചരിക്കുക. മമ്മോദീസാ സ്വീകരിച്ച നാം എല്ലാവരും ഒരുപോലെ ഈശോയുടെശിഷ്യരാണ്. ശിഷ്യരെന്ന നിലയിൽ അവിടുത്തെ തിരുവചനങ്ങൾക്കനുസരിച്ച് ജീവിക്കുവാനും, ജീവിതസാക്ഷ്യത്തിലൂടെ അവിടുന്നുനൽകുന്ന രക്ഷയെക്കുറിച്ച് ലോകത്തോടു പ്രഘോഷിക്കുവാനും നമുക്കെല്ലാവർക്കും കടമയുണ്ട്. നമ്മുടെപ്രേഷിതദൗത്യത്തേക്കുറിച്ച്നമ്മെഓർമ്മിപ്പിക്കുവാനും,ആഗോള സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ പ്രാർത്ഥനകൊണ്ടും, സാമ്പത്തീക സഹകരണങ്ങൾകൊണ്ടും സഹായിക്കുവാനുമാണ് മിഷൻ ഞായർ ആചരിക്കുക. ഈ വർഷത്തെ മിഷൻഞായർ അർത്ഥപൂർണ്ണമായി ആചരിക്കുന്നതിനും, പ്രാർത്ഥനയിലൂടെയും, സാമ്പത്തിക സഹ കരണത്തിലൂടെയും, സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കഴിയുന്നത്ര രീതിയിൽ സഹായിക്കുന്നതിനും നമുക്ക് പരിശ്രമിക്കാം. നമ്മുടെ കുട്ടി കളിൽ പ്രേഷിതാഭിമുഖ്യം വളർത്തുന്നതിനും, മിഷനോടും, മിഷനറിമാ രോടും താല്പര്യം ജനിപ്പിക്കുന്നതിനു മുതകുന്ന പ്രോഗ്രാമുകൾ അന്നേ ദിവസം നടത്തുന്നത് ഉചിതമായിരിക്കും. മിഷനെ സഹായിക്കുവാനുള്ള കുട്ടികളുടെ പരിശ്രമങ്ങളിൽ മാതാപിതാക്കളുടെ അകമഴിഞ്ഞ സഹ കരണ മുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

ഭദ്രാവതി രൂപതയെ സംബന്ധിച്ചിടത്തോളം ഒക്ടോബർ മാസത്തിന്റെ മറ്റൊരു പ്രത്യേകത, ഈ മാസം 25നാണ് നാം നമ്മുടെ രൂപതാദിനമായി ആചരിക്കുന്നത് എന്നതാണ്. പതിവുപോലെ ഈ വർഷവും നമ്മുടെ രൂപതാദിനംലളിതമായും,അർത്ഥപൂർണ്ണമായുംനമുക്ക്ആഘോഷിക്കാം. രൂപതാദിനത്തിനൊരുക്കമായി ഒക്ടോബർ 1 മുതൽ 24 വരെ നമ്മുടെ ഓരോഇടവകയും നിശ്ചിത ദിവസം പ്രാർത്ഥനാദിനമായി ആചരിക്കണം. തിരുസ്സഭയ്കുവേണ്ടിയും, പ്രത്യേകിച്ച് നമ്മുടെരൂപതയ്ക്കു വേണ്ടിയും പ്രാർത്ഥിക്കുന്നതിനും, ദൈവകൃപകൾക്ക് നന്ദി പറയുന്നതിന്നുമുള്ള അവസരമാക്കി മാറ്റാം ഈ പ്രാർത്ഥനാദിനങ്ങളെ. ഒപ്പം നമ്മുടെ രൂപതയെ പല രീതിയിൽ സഹായിച്ചുകൊണ്ടിരിക്കുന്ന എല്ലാവരെയും ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം. ഓരോ ഇടവകയേയും

പ്രതിനിധീകരിച്ച് രൂപതാ ദിനത്തിൽ പങ്കുചേരേണ്ട എല്ലാവരെയും ഒക്ടോബർ 25 നു ബോധന പാസ്റ്ററൽസെന്ററിൽ നടക്കുന്ന പരിപാടി കളിലേയ്ക്ക് സ്നേഹപൂർവ്വം ക്ഷണിക്കുകയും ചെയ്യുന്നു. ഒക്ടോബർ മാസം നിങ്ങൾക്കെല്ലാവർക്കും ഏറ്റം ദൈവാനുഗ്രഹപ്രദമാകട്ടെ എന്നാശംസിച്ചുകൊണ്ടും, കാരുണ്യവാനായ ദൈവത്തി ന്റെകൃപനിങ്ങൾക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചു കൊണ്ടും,

ഈശോയിൽ സ്നേഹപൂർവ്വം,

മാർ ജോസഫ് അരുമച്ചാടത്ത്
ഭദ്രവതി രൂപതാ മെത്രാൻ

---

*ഈ സർക്കുലർ ഒക്ടോബർ 7ന് ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളി ലും കുർബ്ബാനമദ്ധ്യേ വായിക്കണം.*

# മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന് സെപ്റ്റംബർ 24 –ാം തിയതി തിങ്കളാഴ്ച ഞാൻ റോമിലേക്ക് പുറപ്പെടുകയാണ്. നവംബർ 3–ാം തിയതി മാത്രമേ തിരിച്ചെത്തുകയുള്ളൂ. ആദ്യത്തെ സമ്മേളനം സെപ്റ്റംബർ 25 മുതൽ 28 വരെയുള്ളത് സഭൈക്യത്തിനു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റേതാണ്. ഈ കൗൺസിലിൽ ഞാനൊരു അംഗമാണെന്ന് നിങ്ങളിൽ കുറെ പേർക്കെങ്കിലും അറിയാമല്ലൊ. രണ്ടാമത്തെ സമ്മേളനം ഒക്ടോബർ 3 മുതൽ 28 വരെ നടക്കുന്ന സിനഡാണ്. 'യുവജനങ്ങൾ വിശ്വാസവും ദൈവവിളി വിവേചിച്ചറിയലും' എന്നതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിന് വേണ്ടിയുള്ള നമ്മുടെ സഭയിലെ ഒരുക്കങ്ങളിലെല്ലാം നിങ്ങളും പങ്കാളികളായിരുന്നല്ലൊ. നമ്മുടെ സഭയിൽനിന്ന് അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരിൽ, ജോസഫ് പാംപ്ലാനി എന്നീ പിതാക്കന്മാരും എന്നോടൊപ്പം സിനഡിൽ സംബന്ധിക്കുന്നുണ്ട്. കൂടാതെ, മലങ്കര സഭയിൽനിന്ന് അഭിവന്ദ്യ കർദ്ദിനാൾ ബസേലിയൂസ് ക്ലീമീസ് പിതാവും ലത്തീൻ സഭയിൽനിന്ന് 5 പിതാക്കന്മാരും പങ്കെടുക്കുന്നുണ്ട്. ഈ രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളുടെയും, വിശിഷ്യാ സിനഡിന്റെ വിജയത്തിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് ഞാൻ സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

അടുത്ത കാലങ്ങളിൽ ഇന്ത്യയിലെ സഭയിൽ നടന്ന ചില സംഭവങ്ങൾ സഭാമക്കളായ നിങ്ങൾക്ക് വേദനയും ആശയക്കുഴപ്പവും ഉണ്ടാക്കിയിട്ടുണ്ടെന്ന് എനിക്കറിയാം. നിങ്ങളോടൊപ്പം ഞാനും വേദനിക്കുന്നുണ്ട്. ചില കാര്യങ്ങളിൽ ചിലർ എന്നെ പരാമർശിച്ചും തങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും പ്രകടിപ്പിച്ചിട്ടുണ്ട്. മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിലുള്ള എന്റെ ചുമതലകൾ എന്റെ സഹപ്രവർത്തകരോടും പരിശുദ്ധ സിംഹാസനത്തോടു ബന്ധപ്പെട്ട ഉന്നത സഭാശുശ്രൂഷകരോടും ആലോചിച്ചാണ് ചെയ്തുവരുന്നത്. കുറവുകളുണ്ടാകുമ്പോൾ അവ പരിഹരിക്കുവാൻ പരിശ്രമിക്കുന്നുമുണ്ട്.

തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ഉണ്ടാവുക മനുഷ്യസഹജ മാണ്. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോയാണ് ഏറ്റവും അധി കം തെറ്റിദ്ധരിക്കപ്പെട്ടവൻ. ഏറ്റവുമധികം കുറ്റപ്പെടുത്തപ്പെട്ടവനും അവിടുന്നു തന്നെയാണ്. പീലാത്തോസിനോടോ, ഹേറോദോസിനോ ടോ, തന്റെ ശിഷ്യന്മാരോടു തന്നെയുമോ എല്ലാം വെളിപ്പെടുത്തി തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അവിടുന്ന് ഒരുമ്പെട്ടതായി കാണുന്നില്ല. തന്റെ പ്രതിയോഗികളുടെ ഉപജാപങ്ങളും ഗൂഢാലോചന കളും മൂലം നിഷ്ഠൂരമായ പീഡനങ്ങൾക്കും കുരിശുമരണത്തിനും അവി ടുന്ന് വിധേയനായി. ആ സഹനവും മരണവും മനുഷ്യരക്ഷയ്ക്ക് കാര ണമായി തീർന്നു എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ സവിശേഷത.

ചില സമീപകാല സംഭവങ്ങൾ ചിലർക്കൊക്കെ ഉതപ്പിന് കാരണമാ യെന്നും മനസ്സിലാക്കുന്നു. ഉതപ്പുകളെക്കുറിച്ച് ഈശോ പറയുന്നതിപ്ര കാരമാണ്: 'ദുഷ്പ്രേരണകൾ ഉണ്ടാകാതിരിക്കുക അസാദ്ധ്യം. എന്നാൽ, ആർമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം'' (ലൂക്കാ 17 : 1). മനുഷ്യസമൂഹത്തിൽ എല്ലാക്കാലത്തും ഇടർച്ചയുണ്ടാക്കുന്ന സംഭ വങ്ങൾ അരങ്ങേറിയിട്ടുണ്ട്. അതീവഗുരുതരങ്ങളായവയും സംഭവി ച്ചിട്ടുണ്ട്. അതിന്റെ പേരിൽ ഇടർച്ചയ്ക്ക് കാരണമാകുന്ന സംഭവങ്ങളെ ന്യായീകരിക്കാൻ നമുക്ക് സാധിക്കുകയില്ല. ഇടർച്ചകൾ ഉണ്ടാകാതിരി ക്കാൻ നാം ശ്രദ്ധിക്കുകയാണ് വേണ്ടത്. ഇടർച്ചയ്ക്കു കാരണമാകുന്ന സംഭവങ്ങളിൽ എപ്രകാരം പ്രതികരിക്കണമെന്നും പരിഹാരങ്ങൾ കാണ ണമെന്നും അടുത്തകാലത്തെ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ എല്ലാവരും ചിന്തിക്കുന്നതും ആരോഗ്യകരമായ സമീപനങ്ങൾ സ്വീ കരിക്കുന്നതും നന്നായിരിക്കും. ഇപ്പോൾ നടക്കുന്ന രീതികൾ സഭയു ടെ സന്ദേശത്തിനോ സാക്ഷ്യത്തിനോ നിരക്കുന്നവയാണോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

സമൂഹത്തിലും സഭയിലും വിവാദങ്ങളൊ ഇടർച്ചകളൊ ഒക്കെ ഉണ്ടാ കുമ്പോൾ നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ, പരീ ക്ഷണങ്ങളിൽ പരാജയപ്പെടേണ്ടവരല്ല നമ്മൾ. ഈശോയ്ക്കും തന്റെ പരസ്യജീവിതത്തിൽ പരീക്ഷണങ്ങൾ ഉണ്ടായിരുന്നല്ലൊ. നഷ്ടധൈര്യ

നാകാതെ തന്റെ പിതാവായ ദൈവത്തിലാശ്രയിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരീക്ഷണങ്ങളെയെല്ലാം വിജയത്തിന്റെ വഴിത്താരയാക്കി അവിടുന്ന് മാറ്റി. സഭയും എല്ലാക്കാലങ്ങളിലും പരീക്ഷണങ്ങളെ നേരിട്ടിട്ടുണ്ട്. ഒരു വ്യക്തിക്കോ ഏതാനും പേർക്കോ ഉണ്ടാകുന്ന വീഴ്ച സഭ മുഴുവന്റെയും വീഴ്ചയോ പരാജയമോ ആയി കാണുന്നത് ശരിയല്ല. ഇക്കാലത്ത് സഭ നേരിടുന്ന പരീക്ഷണങ്ങളെ സധൈര്യം നേരിടുവാൻ നമുക്ക് സഭയോടൊത്തു നിൽക്കാം. ഭഗ്നാശരാകാതെ വിശ്വാസത്തിൽ അടിയുറച്ച് നിന്നുകൊണ്ട് പരിശുദ്ധാത്മാവ് നൽകുന്ന പ്രത്യാശയോടെ നമുക്ക് പരീക്ഷണങ്ങളെ വിജയിക്കാം. ദൈവവചനത്തിലും പ്രാർത്ഥനയിലും നാം ശക്തി സംഭരിക്കണം.

ആഗസ്റ്റു മാസത്തിലെ പ്രകൃതി ദുരന്തങ്ങളെ സൃഷ്ടപ്രപഞ്ചത്തിന്റെ പരിമിതിയുടെ വെളിപ്പെടുത്തലുകളായിട്ടാണ് നാം കാണേണ്ടത്. മനുഷ്യർക്ക് രോഗങ്ങളും തെറ്റുകളും കുറ്റങ്ങളും ഒക്കെ ഉള്ളതുപോലെ പ്രപഞ്ചത്തിനും അതിന്റെ പ്രയാണത്തിൽ വ്യതിചലനങ്ങൾ ഉണ്ടാകുന്നു. അത്തരം വ്യതിചലനങ്ങളായിട്ടുവേണം ഭൂകമ്പങ്ങളെയും പ്രളയത്തെയും ഉരുൾപൊട്ടലുകളെയും ചുഴലിക്കാറ്റുകളെയും മറ്റ് സമാന പ്രതിഭാസങ്ങളേയും നാം കാണുവാൻ. മനുഷ്യരുടെ തിന്മകളും രോഗങ്ങളും നാം പരിഹരിക്കുന്നതിന് പരിശ്രമിക്കുന്നതുപോലെതന്നെ പ്രപഞ്ചത്തിനുണ്ടാകുന്ന കെടുതികളേയും ഏറ്റെടുത്ത് പരിഹാരം കണ്ടെത്തുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള എല്ലാ പരിശ്രമങ്ങളിലും ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രത്യാശയോടെസമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തനനിരതരാകേണ്ടവരാണ് നമ്മൾ. ക്രൈസ്തവവിശ്വാസം അതിന് നമുക്ക് ശക്തി പകരണം.

പ്രളയക്കെടുതിയിൽ സഭയുടെ എല്ലാ ഭാഗങ്ങളിലും നിന്നും ഉണ്ടായ ദുരിതാശ്വാസപ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. അവയെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാണെന്നു ഞാൻ കരുതുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒഇആഇ നൽകിയ ഒരു കോടി രൂപയിൽ സീറോ മലബാർ സഭയുടെ വിഹിതമായ 50 ലക്ഷം രൂപ നമ്മുടെ സാമൂഹ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന 'സ്പന്ദൻ' വഴി ലഭിച്ച

സംഭാവനയിൽനിന്നും നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ഫണ്ടിലേയ്ക്ക് നൽകുന്നതായിരിക്കും. ഇതിനു പുറമെ ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് നൂറ്റി ഒൻപത് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി എൺപത്തി നാല് (109,91,10,384) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സീറോ മലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും മേജർ സെമിനാരികളും സന്യാസസമൂഹങ്ങളും അത്മായ സഹോദരങ്ങളും നിർവഹിച്ചിട്ടുണ്ട്. ഇനിയും ഇരുന്നൂറിൽ പരം കോടി രൂപയുടെ ദുരിതാശ്വാസ പദ്ധതികൾക്ക് വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട്. സഭാമക്കളുടെ കഠിനാധ്വാനവും കാരുണ്യപ്രവർത്തനങ്ങളും തുടർന്നും ഉണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

എന്റെ യാത്രയും റോമിലെ ശുശ്രൂഷകളും ഫലപ്രദമായി നിർവ്വഹിക്കുന്നതിനും നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

കർദ്ദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

*ഈ സർക്കുലർ ഒക്ടോബർ 14–ാം തീയതി ഞായറാഴ്ച ദൈവാലയങ്ങളിൽ വായിക്കേണ്ടതാണ്. രൂപതകളിലെ ബുള്ളറ്റിനുകളിൽ ഇതു പ്രസിദ്ധീകരിക്കണം. ഇതിന്റെ ഉള്ളടക്കം രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും മറ്റ് പ്രസിദ്ധീകരണങ്ങളിലും നൽകുന്നതു നന്നായിരിക്കും.*

# രൂപതാകച്ചേരി വാർത്തകൾ

## രൂപതാദിനം 2018

നമ്മുടെ രൂപതയുടെ 11–ാം വാർഷികം 2018 ഒക്ടോബർ 25–ന് ബോധനപാസ്റ്ററൽസെന്ററിൽവച്ച്നാം ആഘോഷിക്കുകയാണ്. രൂപതാദിനത്തിനൊരുക്കമായി ഒക്ടോബർ 01 മുതൽ 24 വരെ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ഒരു നിശ്ചിതദിനം പ്രാർത്ഥനാദിനമായി നാം ആചരിക്കാറുണ്ടല്ലോ? അതനുസരിച്ച് പ്രാർത്ഥനാദിനത്തിന്റെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

രൂപതാദിനത്തിൽ വിവാഹജീവിതത്തിന്റെ സുവർണജൂബിലി; സന്യാസ, പൗരോഹിത്യജീവിതത്തിന്റെ രജത, സുവർണ ജൂബിലി; മതാദ്ധ്യാപന രജതജൂബിലി എന്നിവ ആഘോഷിക്കുന്നവർ, മതബോധന, SSLC ക്ലാസ്സുകളിൽ ഏറ്റവും ഉയർന്ന മാർക്കുനേടിയ രൂപതയിൽ നിന്നുള്ള വിദ്യാർത്ഥികൾ, മറ്റേതെങ്കിലും പ്രത്യേക നേട്ടങ്ങൾക്കുടമകളായവർ, എന്നിവരെ പ്രത്യേകം ആദരിക്കുന്നതാണ്. രൂപതാദിനത്തിൽ പ്രത്യേകം ആദരിക്കപ്പെടേണ്ട വ്യക്തികളുടെ പേരുവിവരങ്ങൾ 2018 ഒക്ടോബർ 15–നു മുമ്പായി രൂപതാകേന്ദ്രത്തിലറിയിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണം.

ഒക്ടോബർ 25–ാം തിയതി ബോധന പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കുന്ന രൂപതാദിനാഘോഷങ്ങളിൽ നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും, സന്യാസഭവനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, രൂപതാ പാസ്റ്ററൽകൗൺസിൽ അംഗങ്ങൾ, ഇടവകകൈക്കാരന്മാർ, രൂപതാദിനത്തിൽ പ്രത്യേകമായിആദരിക്കപ്പെടുന്ന വ്യക്തികൾ എന്നിവർ പങ്കെടുക്കേണ്ടതാണ്.

## DAY SCHEDULE

| | | |
|---|---|---|
| 09.15 am | : | Arrival, Registration |
| 09.30 am | : | Adoration of the Blessed Sacrament |
| 10.15 am | : | Holy Qurbana |

| | | |
|---|---|---|
| 11.45 am | : | Public Meeting |
| 12.45 pm | : | Lunch |
| 01.30 pm | : | Departure |

**PRAYER DAY IN PREPARATION TO THE DIOCESAN DAY 2018**

| | | |
|---|---|---|
| October 01 | : | Anandapuram, Sacred Heart Church |
| October 02 | : | Anavatty, Kristuraj Church |
| October 03 | : | Balehonnur, St. George Church |
| October 04 | : | Bhadravati, Infant Jesus Church |
| October 05 | : | Chettikudige, St. Mary's Church |
| October 06 | : | Davangere, St. Joseph's Church |
| October 07 | : | Gorigandi, St. Thomas Church |
| October 08 | : | Holehonnur, St. May's Church |
| October 09 | : | Hossur (Induvally), Sacred Heart Church |
| October 10 | : | Iduvally, St. Antony's Church |
| October 11 | : | Koppa, St. Norbert Church |
| October 12 | : | Makkod, St. Sebastian's Church |
| October 13 | : | N.R.Pura, Little Flower Church |
| October 14 | : | Mallandur, St. Alphonsa Church |
| October 15 | : | Masthikatte, St. Peter's Church |
| October 16 | : | Muthinakoppa, St. Ann's Church |
| October 17 | : | Nagavally, Lourd Matha & Kogar, St. Mary's Church |
| October 18 | : | Ripponpet, Good Shepherd Church |
| October 19 | : | Sagar, St. Thomas Church; Jog & Kargal |
| October 20 | : | ONE DAY CONVENTION AT NRPURA |
| October 21 | : | Shettikoppa, St. Joseph's Church |
| October 22 | : | Shimoga, St. Joseph's Church |
| October 23 | : | Umblebylu St. Alphonsa Church |
| October 24 | : | Varkatta (Hanthuvani), St. Antony's Church |
| October 25 | : | DIOCESAN DAY CELEBRATION AT BODHANA |

## ആലോചനാസംഘം

2018 ജൂൺ 26–ന് ഉച്ചകഴിഞ്ഞ് 02.30–ന് രൂപതാ ആലോചനാസംഘം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. അടുത്ത യോഗം 2018 സെപ്റ്റംബർ 19–ന് ചേരാൻ തീരുമാനിച്ചിരുന്നു. എന്നാൽ കേരളത്തിലും, കർണാടകയിലെ കുടക് ജില്ലയിലും ഉണ്ടായ മഴക്കെടുതിയിൽ എപ്രകാരമാണ് നമ്മുടെ രൂപത ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കുചേരേണ്ടതെന്ന് ആലോചിക്കാനായി ആലോചനസംഘത്തിന്റെയും പാസ്റ്ററൽ കൗൺസിലിന്റെ സെന്ററൽ കമ്മിറ്റിയുടെയും ഒരു സംയുക്തയോഗം 2018 ഓഗസ്റ്റ് 25–ന് ഉച്ചകഴിഞ്ഞ് 4.30–ന് ബോധനയിൽ ചേരുകയുണ്ടായി. ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനുള്ള യജ്ഞത്തിൽ എല്ലാവരും കാട്ടിയ ആത്മാർത്ഥമായ സഹകരണത്തിന് പിതാവ് നന്ദി പറഞ്ഞു. ഭക്ഷണസാധനങ്ങളും, വസ്ത്രങ്ങളും, മരുന്നും, ശുചീകരണ വസ്തുക്കളുമടങ്ങിയ 5 ലോഡ് സാധനങ്ങൾ സമാഹരിച്ചയക്കാൻ സാധിച്ചതായുംപിതാവ് യോഗത്തെ അറിയിച്ചു. കൂടാതെ പിരിഞ്ഞു കിട്ടുന്ന തുക എപ്രകാരമാണ് വിനയോഗിക്കേണ്ടതെന്ന് ചർച്ച ചെയ്ത് തീരുമാനിച്ചു.

## പാസ്റ്ററൽ കൗൺസിലിൽ

2018 സെപ്റ്റംബർ 29–ന് രാവിലെ 11 മണിക്ക് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ബോധന പാസ്റ്ററൽ സെന്ററിൽ ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗം ബഹു. തോമസ് കുളത്തിങ്കലച്ചൻ നയിച പ്രാർത്ഥനയോടെ ആരംഭിച്ചു. പെരിയ ബഹു. വികാരി ജനറാൾ അഗസ്റ്റ്യൻ ഉറുമ്പുകാട്ടിലച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ശ്രീ ജോമി മാത്യു കഴിഞ്ഞ യോഗത്തിന്റെമിനിറ്റ്സ് അവതരിപ്പിച്ചു.

കർണാടക സീറോ മലബാർ കാത്തലിക് അസോസിയേഷന്റെ (കെ. എസ്.എം.സി.എ) രൂപീകരണത്തെ സംബന്ധിച്ച് ചർച്ച ചെയ്യാനായി വിളിച്ചു ചേർത്ത് യോഗത്തിൽ ബൽത്തങ്ങടി രൂപതാ കാത്തലിക് അസോസിയേഷന്റെ പ്രസിഡന്റ് ശ്രീ കെ. കെ. സെബാസ്റ്റ്യൻ, എ.കെ.സി.സി ആഗോള കൗൺസിൽസെക്രട്ടറി ശ്രീ ബിറ്റി നെടുനിലം, അഡ്വ. ശ്രീ സേവ്യർ

പലേലിൽ എന്നിവർ ക്ലാസുകൾ എടുത്തു. കെ.എസ്.എം.സി.എ–യുടെ രൂപീകരണം, പ്രവർത്തനങ്ങൾ, നിയമാവലി, എന്നിവ വിശദീകരിച്ചു. അവകാശങ്ങൾ നേടിയെടുക്കുന്നതിനും, നീതി നിഷേധത്തിനെതിരെ പ്രതികരിക്കാനും, സംഘടിതരായിരിക്കണമെന്നും, കൂട്ടായ്മയിൽ പ്രവർത്തിക്കണമെന്നും മൂവരും യോഗത്തെ ഓർമിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്കു ശേഷം തുടർനടപടികൾക്കായി ഒരു ഒൻപതംഗ കമ്മിറ്റി രൂപീകരിച്ചു.

സമാപനസന്ദേശത്തിൽ അഭിവന്ദ്യപിതാവ് അൽമായശാക്തീകരണത്തിനായുള്ള രൂപതയുടെ പരിശ്രമങ്ങളും ആഗ്രഹങ്ങളും പങ്കുവെച്ചു. ബൽത്തങ്ങടി രൂപതയിൽ വളരെ സുസംഘടിതമായി പ്രവർത്തിക്കുന്ന കെ.എസ്.എം.സി.എ ഇവിടെയും രൂപീകൃതമായി കാണാൻ താൻ ആഗ്രഹിക്കുന്നതായി പിതാവ് അറിയിച്ചു. ക്ലാസുകൾ നയിച്ച് യോഗത്തെ പ്രബുദ്ധമാക്കിയ ബൽത്തങ്ങടി രൂപതാ കെ.എസ്.എം.സി.എ ഭാരവാഹികൽക്ക് പിതാവ് നന്ദിപറഞ്ഞു. ഫാ. ഫ്രാൻസീസ് അള്ളുംപുറത്തിന്റെ നന്ദി പ്രകാശനത്തോടെയോഗം സമാപിച്ചു. ഉച്ച ഭക്ഷണത്തിനു ശേഷം കമ്മിറ്റി യോഗം ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുത്തു.

1. ശ്രീ ഡേവീസ് നീലംകാവിൽ, പ്രസിഡന്റ്,
2. ശ്രീമതി ഷേർലി മാത്യു, വൈസ് പ്രസിഡന്റ്
3. ശ്രീ ജേക്കബ് മറ്റം, സെക്രട്ടറി
4. ശ്രീ വിത്സൺ മാറോക്കിൽ, ജോയിന്റ് സെക്രട്ടറി
5. ശ്രീ സജി പുളിക്കകുന്നേൽ, ട്രഷറർ
6. ശ്രീ ജോസ് വട്ടമറ്റം, മെമ്പർ
7. ശ്രീ കുര്യാക്കോസ് ചിറക്കൽ, മെമ്പർ
8. ശ്രീ ജോമി മാത്യു, മെമ്പർ
9. ശ്രീമതി ലിസ്സി പീറ്റർ, മെമ്പർ

## Commission Directors

Commission for Evangelization and Proclamation & CML : Rev. Fr. Sebastian Pulllukatt

Spiritual Director, Commission for Women / Mathruvedhi : Rev. Fr. James Pulthakadiyel

## വൈദികധ്യാനം

രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായുള്ള വാർഷികധ്യാനം 2018 നവംബർ 19 മുതൽ 23 വരെ തിയതികളിൽ ബോധന പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടും. റവ. ഫാ. ബാബു പാണാട്ടുപറമ്പിൽ ധ്യാനചിന്തകൾ നൽകും. എല്ലാ ബഹു. അച്ചന്മാരും ഈ ധ്യാനത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## പ്രളയ ദുരിതാശ്വാസപ്രവർത്തന റിപ്പോർട്ട്

കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ മഹാപ്രളയം വരുത്തിയ വലിയ ദുരിതങ്ങളിൽനിന്നു കരകയറുവാൻ മലയാളികളായ നമ്മുടെ സഹോദരങ്ങൾക്ക് ഒരു കൈത്താങ്ങാകുവാൻ ഭാരതത്തിലെ മറ്റെല്ലാ സഹോദരങ്ങളോടുമൊപ്പം ഭദ്രാവതി രൂപതയും പരിശ്രമിച്ചു. വളരെ ആത്മാർഥത നിറഞ്ഞതും, അഭൂതപൂർവകവുമായ സഹകരണ മാണു ഇക്കാര്യത്തിൽ രൂപതാംഗങ്ങളെല്ലാവരും നൽകിയത്. പ്രളയ ദുരിതത്തിൽപ്പെട്ട് ദുരിതാശ്വാസക്യാമ്പുകളിൽ അഭയം തേടിയവർക്ക് അടി യന്തിരസഹായമെന്ന നിലയിൽ ഭക്ഷണസാധനങ്ങളും, വസ്ത്രങ്ങളും, മരുന്നും, മറ്റുസാധനങ്ങളും സംഭരിച്ച് ക്യാമ്പുകളിലെത്തിക്കുന്നതിന്ന് നമുക്ക് കഴിഞ്ഞു. പ്രധാനമായും ഹൊസ്സൂർ (ഇൻഡുവള്ളി), ഷിമോഗ, ഷെട്ടികൊപ്പ, ആനന്ദപുരം ഇടവകാംഗങ്ങളാണു ഇതിനു മുൻകൈയെടുത്തത്. എൻ. ആർ. പുര കത്തീഡ്രൽ ഇടവകയും, ഇടവകയോട് ചേർന്ന് പ്രവർത്തിക്കുന്ന വിവിധ ക്ലബ്ബുകളുടെയും നേതൃത്വത്തിൽ സാധനങ്ങൾ സംഭരിച്ചു നൽകുകയുണ്ടായി. ഇപ്രകാരം,

ഏകദേശം 16 ലക്ഷത്തിലധികം രൂപയ്ക്കുള്ള സാധനങ്ങൾ സമാഹരിച്ച് വയനാട്, ചങ്ങനാശ്ശേരി മേലകളിലെ ദുരുതാശ്വാസക്യാംബുകളിൽ എത്തിക്കുവാൻ നമുക്കു കഴിഞ്ഞു.

പ്രളയത്തിൽ വീടും, സ്വന്തമായമറ്റെല്ലാം നഷ്ടപ്പെട്ടവരുടെ പുനഃരധിവാസത്തിന്ന് സഹായിക്കുന്നതിനായി നമ്മുടെ ഇടവകകളിലും, സ്ഥാപനങ്ങളിലുമായി നടത്തിയ ധനസമാഹരണത്തിലൂടെ 19 ലക്ഷം രൂപ സംഭരിക്കുന്നതിനും, പ്രസ്തുത തുക നമ്മുടെ പാസ്റ്ററൽ കൗൺസിൽ ഉൾപ്പെടെയുള്ള ആലോചനാസമിതികളുടെ നിർദ്ദേശപ്രകാരം, ദുരിതനിവാരണരംഗത്തു പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾവഴി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനും നമുക്ക് സാധിച്ചു.

മഹാപ്രളയത്തിന്റെ ദുരിതക്കയത്തിലാണ്ടുപോയ നമ്മുടെ സഹോദരങ്ങൾക്ക് 'ഒരു കൈ' സഹായം നൽകുവാൻ ആത്മാർഥമായി സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നതോടൊപ്പം, എല്ലാവരുടേയും അറിവിലേക്കായി, നാം നടത്തിയ പ്രളയനിവാരണപ്രവർത്തനത്തിന്റെ വിശദമായ കണക്കുകൾ താഴെ കൊടുക്കുന്നു.

## Flood Relief Campaign Done by the Diocese of Bhadravathi

### I. Relief Materials Collected and Distributed

| No | Article | Amt | Approx. Price |
|---|---|---|---|
| **01** | **Food:** Rice | 16,500 kg | 4,95,000 |
| | Dal | 400 Kg | 24,000 |
| | Water | 28 Cases | 5,040 |
| | Oil | 10 Ltrs & 4 Boxes | 4,000 |
| | Pulses | 400 Kg | 28,000 |
| | Biscuits | 14 Boxes | 7,000 |
| | Sugar | 200 Kg | 8,000 |
| | Salt | 75 Kg | 750 |

| | | | |
|---|---|---|---|
| | Green Gram | 60 Kg | 4,200 |
| | Onion | 400 Kg | 6,000 |
| | Tea Dust | 10 Kg | 1,000 |
| | Pickles | 25 Kg | 2,500 |
| | Beans | 75 Kg | 2,250 |
| | Coconut | 50 nos | 1,000 |
| | Potatoes | 315 Kg | 7,875 |
| | | | **5,96,615** |
| **02** | **Clothes** | 22 Boxes of clothes: inner wares, blankets, T-Shirts & others; 17 bundles of dress materials | **2,50,000** |
| **03** | **Cleaning Items/Sanitary Items** | 8 Boxes of sanitary items; 14 boxes of sanitary napkins, pastes; 560 Kg of bleaching powder; 1 box of soaps | **1,00,000** |
| **04** | **Household Articles** | Slippers, sleeping mats, pillows; Candles 10 kg; Match boxes | **25,000** |
| **05** | **Medical Aid** | 19 boxes of Medicine; 9 boxes of Antibiotics | **5,00,000** |

All the above items were distributed through Wayanad Social Service Society, Mananthavady (two loads) and through the Social Service Department of the Archdiocese of Changanacherry (three loads).

## II. Cash Collected and Distributed

| CASH COLLECTED | | |
|---|---|---|
| PARISHES | | |
| 01 | Anandapuram | 37,000 |
| 02 | Anavatty | 5,540 |
| 03 | Balehnnoor | 17,960 |
| 04 | Bhadravathi | 30,000 |
| 05 | Chettikudige | 27,600 |
| 06 | Davangere | 17,285 |
| 07 | Holehonnur | 2,000 |
| 08 | Hossur | 11,636 |
| 09 | Iduvally | 75,000 |
| 10 | Jog | 2,210 |
| 11 | Kargal | 3,260 |
| 12 | Kogar | 10,000 |
| 13 | Koppa | 22,410 |
| 14 | Makkod | 40,000 |
| 15 | Mallandur | 4,000 |
| 16 | Masthikatte | 15,000 |
| 17 | Muthinakoppa | 1,50,000 |
| 18 | N.R.Pura | 1,20,580 |
| 19 | Nagavally | 33,400 |
| 20 | Ripponpet | 1,18,500 |
| 21 | Sagar | 87,240 |
| 22 | Sangameswarpet (Gorigundi) | 39,290 |
| 23 | Shettikoppa | 31,350 |
| 24 | Shimoga | 5,00,000 |

| | | |
|---|---|---|
| 25 | Umblebylu | 51,000 |
| 26 | Varkatte | 36,210 |
| 27 | Little Flower Church, Bhatkal | 11,600 |
| | **TOTAL** | **15,00,071** |
| | **RELIGIOUS INSTITUTES & INDIVIDUALS** | |
| 01 | SH Convent, Holehonnur | 25,000 |
| 02 | Deepthi Mahila Federation, Nagavally | 3,000 |
| 03 | Karmikara Sanga, Nagavally | 2,600 |
| 04 | Nirmala SHG, Nagavally | 1,000 |
| 05 | DSS Sisters, Nagavally | 2,000 |
| 06 | Nursing Students, Murudewswara | 800 |
| 07 | DSHJ convent, Bhadravathi | 5,000 |
| 08 | FC C Sisters | 25,000 |
| 09 | Navajyothi School, Konanthur | 20,000 |
| 10 | Holy Trinity Ashramam, Arga | 10,000 |
| 11 | Mount Carmal P.U. School, NR Pura | 20,000 |
| 12 | Pushpa Hospital, N.R.Pura | 10,000 |
| 13 | C.M.C. Sisters, Machinahally | 10,000 |
| 14 | DSS Convent, Chettikudige | 5,400 |
| 15 | Priests of the diocese | 47,000 |
| 16 | St. Norbert School, Koppa | 1,15,230 |
| 17 | Mr. Yesudas, Davongere | 25,000 |
| 18 | Mr. Nidhi John Olikara | 60,000 |
| 19 | Mr. Varkey Kalapurackal | 50,000 |
| | **TOTAL** | **4,37,030** |

| | | |
|---|---|---|
| | Parishes | 15,00,071 |
| | Religious institutes & Individuals | 4,37,030 |
| | **TOTAL** | **19,37,101** |
| | Amount taken from the Diocese | 25,899 |
| | **GRAND TOTAL** | **19,63,000** |
| **CASH DISTRIBUTED** | | |
| | Through the Major Archbishop – (SPANDAN) | 2,00,000 |
| | Through Caritas India (including Rs. 1 Lakh for Kodagu) | 3,00,000 |
| | Through Wayanad Social Service Society, Mananthavady | 4,00,000 |
| | Through High Range Development Society, Idukki | 10,00,000 |
| | Expense for the Transportation of Goods bought & collected | 63,000 |
| | **TOTAL** | **19,63,000** |

ഫാ. ഫ്രാൻസീസ് അള്ളുംപുറം
രൂപതാചാൻസിലർ

## മതബോധന ബൈബിൾ കമ്മീഷൻ

ഭദ്രാവതി രൂപതാ മതബോധന–ബൈബിൾ കമ്മീഷനിൽ നിന്നും ആശംസകൾ!

### കോർ ടീം

2018 ഓഗസ്റ്റ് 19–ന് ഉച്ചകഴിഞ്ഞ് 3.30–ന് കമ്മീഷൻ ഓഫീസിൽ കോർ ടീം യോഗം ചേർന്നു. കോർ ടീമിന്റെ സന്ദർശനത്തിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു. പ്ലാൻ ചെയ്തിരുന്നതുപോലെ 2018 ഓഗസ്റ്റ് 26–ന് സന്ദർശനം തുടങ്ങാൻ തീരുമാനിച്ചു. അതനുസരിച്ച് സന്ദർശനങ്ങൾ നടന്നു വരുന്നു.

### മതബോധന ക്വിസ്

2018 ഓഗ്സറ്റ് 22–ന് ഉച്ചകഴിഞ്ഞ് 02 മണിക്ക് ബോധന പാസ്റ്ററൽ സെന്ററിൽ വച്ച് മതബോധന വിദ്യാർത്ഥികൾക്കായുള്ള ക്വിസ് മത്സരം നടത്തപ്പെട്ടു. ഫൊറോനകളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി വിജയിച്ച 6 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. ബൽത്തങ്ങടി രൂപതയിൽ നിന്നും റവ. ഫാ. റ്റോമി മറ്റം, ശ്രീ വർഗീസ് സാർ എന്നിവരുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി ക്വിസ് നടത്തപ്പെട്ടു. ക്വിസ് മാസ്റ്റേഴ്സിനും, എല്ലാ ക്രമീകരണങ്ങളും ചെയ്ത സി. ജോളി ഗ്രെയ്സ്, ശ്രീ ആന്റോ കോയിക്കര, ശ്രീമതി സുമ സിജു എന്നിവർക്കും, സഹകരിച്ച എല്ലാ കോർടീം അംഗങ്ങൾക്കും നന്ദി.

| **വിജയികൾ** | | |
|---|---|---|
| **ഒന്നാം സ്ഥാനം** | **രണ്ടാം സ്ഥാനം** | **മൂന്നാം സ്ഥാനം** |
| മാക്കോട് ചർച്ച് | ഷിമോഗ ചർച്ച് | ഷെട്ടികൊപ്പ ചർച്ച് |

വിജയികൾക്ക് അഭിവന്ദ്യ പിതാവ് ട്രോഫിയും, കാഷ് അവാർഡും നൽകി.

## ലോഗോസ് ക്വിസ്

2018 സെപ്റ്റംബർ 30–ന് ഉച്ചകഴിഞ്ഞ് രണ്ടു മണിമുതൽ ലോഗോസ് ക്വിസ് 2018 അതത് ഇടവകകളിൽ നടത്തപ്പെടും. ചോദ്യപേപ്പറുകൾ പരീക്ഷാകേന്ദ്രത്തിൽ എത്തിച്ചു തരും.

## അർദ്ധവാർഷിക പരീക്ഷ

2018 ഒക്ടോബർ 7–ന് രൂപതയിലെ എല്ലാ മതബോധന സ്കൂളുകളിലും അർദ്ധവാർഷിക പരീക്ഷ നടത്തേണ്ടതാണ്. അതിനുള്ള ചോദ്യങ്ങൾ ഇടവകകളിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

## മതബോധന അദ്ധ്യാപകദിനം

2018 നവംബർ 04 മതബോധന അദ്ധ്യാപക ദിനമാണ്. എല്ലാ ഇടവകകളും അത് സമുചിതമായി ആഘോഷിക്കുവാൻ ഓർമിപ്പിക്കുന്നു.

## കരോൾഗാന മത്സരം

2018 നവംബർ 6–ന് ഫൊറോനതലത്തിലും, ഡിസംബർ 08–ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ബോധനപാസ്റ്ററൽ സെന്ററിൽ രൂപതാതലത്തിലും കരോൾഗാന മത്സരം നടത്തപ്പെടുന്നു. ഫോറോനകളിൽ ഇവ സംഘടിപ്പിക്കുക ഫൊറോന ഡിറക്ടറിന്റെ ഉത്തരവാദിത്വത്തിലായിരിക്കും. ഫൊറോനകളിൽ ഒന്നും, രണ്ടും സ്ഥാനം നേടിയ 6 ടീമുകളായിരിക്കും രൂപതാതല മത്സരത്തിൽ പങ്കെടുക്കുക.

| | | |
|---|---|---|
| ടീം | : | 5 മുതൽ 7 വരെ അംഗങ്ങൾ |
| ഗാനം | : | 7 മിനിറ്റ്, ഒരു ഭാഷ, ഒരു ഗാനം |

## ഇടവകാ ബൈബിൾ ക്വിസ്

2018 നവംബർ 26–ന് ഫൊറോന തലത്തിലും, 2019 ജനുവരി 12–ന് രൂപതാതലത്തിലും ബൈബിൾ ക്വിസ് നടത്തപ്പെടും. പഠനഭാഗം – മത്തായിയുടെ സുവിശേഷം 10–28 അദ്ധ്യായങ്ങൾ, അപ്പസ്തോലപ്രവർത്തനങ്ങൾ 1–14 അദ്ധ്യായങ്ങൾ, സുവിശേഷകർ നാലു പേർ. ഇടവകയുടെ ആത്മസ്ഥിതിയിൽ പേരുള്ള 5–7 അംഗങ്ങൾക്ക് ഒരു ടീമിൽ പങ്കെടുക്കാം.

ശ്രീമതി നിഷ ജയ്മി
കോർടീം സെക്രട്ടറി

## വിദ്യാഭ്യാസ പ്രേക്ഷിതത്ത്വം

രൂപതാ വിദ്യാഭ്യാസ പ്രേക്ഷിതത്ത്വത്തിൽനിന്നും ഏവർക്കും ആശംസകൾ !

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മാനേജർമാർ, പ്രധാന അധ്യാപകർ എന്നിവരുടെ സുപ്രധാനമായ ഒരു മീറ്റിംഗ് 2018 ഡിസംബർ 8–ാം തീയതി രാവിലെ 10.30 ന് ബോധന പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്നതാണ്. അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ഈ മീറ്റിംഗിൽ കർണ്ണാടക റീജിയണൽകമ്മീഷൻ വിദ്യാഭ്യാസ ഡയറക്ടർ ബഹു. ഫാ. യൂജിൻ ലോമ്പോയുടെ നേതൃത്വത്തിലുള്ള ടീം ക്ലാസ്സുകൾ നയിക്കുന്നതായിരിക്കും. പ്രസ്തുത മീറ്റിംഗിൽ മേൽപ്പറഞ്ഞ തസ്തികയിലുള്ള എല്ലാവരും നിർബ്ബന്ധമായും പങ്കെടുക്കണമെന്ന് വിനീതമായി ഓർമ്മിപ്പിക്കുന്നു. മീറ്റിംഗിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ രേഖാമൂലം നിങ്ങളെ ഉടൻ അറിയിക്കുന്നതായിരിക്കും.

ഈശോയിൽ സ്നേഹപൂർവ്വം,

ഫാ. സജീഷ് മാത്യു തൃക്കോടൻമാലിൽ
ഡയറക്ടർ

## യുവജന പ്രേക്ഷിതത്വം

### നോമ്പുകാല തീർത്ഥാടനം

മാർച്ച് 11–ാം തീയതി ഞായറാഴ്ച ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നമ്മുടെ രൂപതയിലെ എൻ.ആർ പുരയിലുള്ള നിത്യാരാധന കേന്ദ്രം, വർക്കട്ടയിലുള്ള വി. അന്തോണീസിന്റെ തീർത്ഥാടനകേന്ദ്രം എന്നീ സ്ഥലങ്ങളിലേക്ക് രൂപതാ ഐ.സി.വൈ.എം അംഗങ്ങൾ തീർത്ഥാടനം നടത്തി.

### രക്തദാന ക്യാമ്പ്

ഷിമോഗ സെന്റ് ജോസഫ് ഫെറോന പള്ളിയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കഴിഞ്ഞ ഫെബ്രുവരി 11–ാം തീയതി രക്തദാനക്യാമ്പ് നടത്തപ്പെട്ടു. പ്രസ്തുത ക്യാമ്പിൽ ഏകദേശം 30 ആളുകൾ പങ്കെടുത്തു.

## 'യു ടേൺ 2018' അവധിക്കാല ക്യാമ്പ്

നമ്മുടെ രൂപതയിലെ യുവജനങ്ങൾക്കായി മെയ് 18,19,20 തീയതികളിൽ രൂപതാ പാസ്റ്റർ സെന്ററായ ബോധനയിൽ വെച്ച് 'യു ടേൺ' എന്ന പേരിൽ ക്യാമ്പ് നടത്തപ്പെട്ടു. ഈ ക്യാമ്പിൽ 70 യുവജനങ്ങൾ പങ്കെടുത്തു. ഈ ക്യാമ്പിന് ജീസസ് യൂത്തിലെ ശ്രീ ബിനോഷ്, ശ്രീ ജോബി, ശ്രീ ജോൺ പോൾ തുടങ്ങിയവർ നേതൃത്വം നൽകി. ക്യാമ്പിന്റെ അവസാന ദിവസം അഭിവന്ദ്യ പിതാവ് വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

## ലക്കി കൂപ്പൺ

യുവജന ശുശ്രൂഷകർക്കുള്ള ധനസമാഹരണാർത്ഥം ലക്കികൂപ്പൺ ഇടവകകളിലേക്ക് വിതരം ചെയ്യുകയുണ്ടായി. ഇതിന്റെ നറുക്കെടുപ്പ് സെപ്തംബർ 9–ാം തീയതി ബോധന പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. സമ്മാനാർഹരായവരുടെ പേരുകൾ താഴെ ചേർക്കുന്നു.

| പേര് | സമ്മാനം | സ്ഥലം |
|---|---|---|
| സുമന്താ വൈ.എസ് | 1–ാംസമ്മാനം (ഫോൺ) | തീർത്തഹള്ളി |
| സിജോ ജോസഫ് | 2–ാംസമ്മാനം (മിക്സി) | റിപ്പൺപേട്ട് |
| നിമ്മി ചെറിയാൻ | 3–ാംസമ്മാനം (ഡിന്നർ സെറ്റ്) | ഗാഡിക്കൊപ്പ |
| തോമസ് മച്ചാദോ | പ്രോത്സാഹന സമ്മാനം | മസ്തിക്കട്ട |
| ഫാ. ഫ്രാൻസിസ് | പ്രോത്സാഹന സമ്മാനം | |
| അബി ജോൺ | പ്രോത്സാഹന സമ്മാനം | മുത്തിൻകൊപ്പ |
| അനിൽ പുളിക്കൽ | പ്രോത്സാഹന സമ്മാനം | ആനന്ദപുരം |
| സൗന്ദര്യ | പ്രോത്സാഹന സമ്മാനം | എൻ.ആർ പുര |
| സച്ചിൻ | പ്രോത്സാഹന സമ്മാനം | ബാളെഹൊന്നൂർ |
| അസിത ജോൺ | പ്രോത്സാഹന സമ്മാനം | ഗാഡിക്കൊപ്പ |
| സോണിയ മാത്യു | പ്രോത്സാഹന സമ്മാനം | |

ഡയറക്ടർ
ഫാ ജോസഫ് പനയ്ക്കച്ചിറ

# സീറോ മലബാർ മാതൃവേദി

രൂപതാ മാതൃവേദിയിൽ നിന്നും ഏവർക്കും സ്നേഹാശംസകൾ!

## വി. മോനിക്ക–സഹ മധ്യസ്ഥ

വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ വളരെ ആഘോഷമായി 3 ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റിലും ആഘോഷിച്ചു. ദിവ്യ ബലിയും മീറ്റിംഗും മൽസരങ്ങളും സംഘടിപ്പിച്ച് അമ്മമാർ വളരെ നന്നായി വി. മോനിക്ക പുണ്യവതിയുടെ സ്വർഗ്ഗീയമധ്യസ്ഥം അപേക്ഷിച്ചു. ഇതിനായി സഹകരിച്ച ബഹു. വികാരിയച്ചൻമാരേയും ആനിമേറ്റേഴ്സി നെയും നന്ദിയോടെ ഓർക്കുന്നു.

## 'എഷ്ക്കോൾ' ഉത്ഘാടനവും ആദ്യ മാനേജിംഗ് ബോഡി മീറ്റിഗും

2018 ജൂൺ 23–ാം തീയതി 'എഷ്ക്കോൾ' ഉത്ഘാടനവും മാനേജിംഗ് കമ്മറ്റിയുടെ മീറ്റിംഗും നടത്തപ്പെട്ടു. രൂപതാ വികാരിജനറാൾ ബഹു. ഫാ. അഗസ്റ്റിൻ ഉറുമ്പുകാട്ടിൽ പ്രസ്തുത മീറ്റിംഗ് ഉത്ഘാടനം ചെയ്തു സന്ദേശം നൽകി. ബോധന ഡയറക്ടർ ബഹു. ഫാദർ സെബാസ്റ്റ്യൻ പുല്ലുക്കാട്ട് അമ്മമാരുടെ ഉത്തരവാദിത്വവും കുടുംബത്തിൽ അമ്മയുടെ പങ്കും' എന്ന വിഷയത്തെകുറിച്ച് ക്ലാസ്സ് നയിച്ചു. എഷ്കോൾ ക്വിസ് പഠനമാല എല്ലാ യൂണിറ്റുകൾക്കും നൽകി. രൂപതാ മാതൃവേദി ഡയറക്ടർ സി. ഉഷ 2018–19 വർത്തിലെ കാര്യപരിപാടികളെക്കുറിച്ച് വിവരങ്ങൾ നൽകി. രൂപതാ സെക്രട്ടറി ലാലി ഡിസൂസ സ്വാഗതവും രൂപതാ പ്രസിഡന്റ് ഷേർലി മാത്യു നന്ദി പ്രകടനവും നടത്തി. മീറ്റിംഗിൽ 90 അംഗങ്ങൾ പങ്കെടുത്തു.

## 'എഷ്കോൾ' രജിസ്ട്രേഷൻ

2018 ജൂലൈ 15 ന് രൂപതയിലെ എല്ലാ യൂണിറ്റിലും എഷ്കോൾ ഉത്ഘാടനം നടത്തുകയും മൽസരങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരുകൾ നൽകുകയും ചെയ്തു. ഇതിനായി പ്രയത്നിച്ച വികാരിയച്ച ൻമാർക്കും ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കും നന്ദി.

പ്രകൃതിദുരന്തം മൂലം കേരളത്തിലും മടിക്കേരിയിലുമായി വേദനയനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളെ ആശ്വാസിപ്പിക്കുവാനും അവരുടെ കണ്ണീരൊപ്പുവാനും പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാ അമ്മമാർക്കും യൂണിറ്റ് ഭാരവാഹികൾക്കും നന്ദി.

ഡയറക്ടർ
സി.ഉഷ സി.എം.സി

## മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി

ഭദ്രാദീപയുടെ എല്ലാ വായനക്കാർക്കും മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സ്നേഹാശംസകൾ! സാമൂഹിക സേവന വിഭാഗത്തിൽ നടന്നുകൊണ്ടിരിക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### നവജീവൻ ഹോളിസ്റ്റിക് കെയർ സെന്റർ

മലനാട് സാമൂഹിക സേവന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ പ്രോഗ്രാമിൽ കഴിഞ്ഞ മൂന്ന് മാസങ്ങളിലായി 194 രോഗികളെ പരിശോധിക്കുകയും അവർക്ക് ആവശ്യമായ മരുന്നുകൾ നൽകുകയും ചെയ്തു.

### ചൈൽഡ് ഹെൽപ് ലൈൻ 2018

പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികളുടെ സമ്പൂർണ്ണ സുരക്ഷിതത്ത്വം ഉറപ്പുവരുത്തുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി 7 ബാലലൈംഗിക പീഢനങ്ങൾ നിമയത്തിന്റെ മുൻപിൽ കൊണ്ടുവന്നു. രണ്ടു ബാലവേലയും നാല് ഭിക്ഷ യാചിക്കുന്ന കുട്ടികളെയും അതിൽ നിന്നും മോചിപ്പിച്ചു. ശാരീരികവും മാനസികവുമായ പീഢനത്തിൽ നിന്നു 25 കുട്ടി

കളെ രക്ഷിച്ചു. 6 കുട്ടികളെ പുനരധിവസിപ്പിക്കുകയും ഒൻപത് കുട്ടികൾക്ക് താമസസൗകര്യവും ഏർപ്പെടുത്തുകയും ചെയ്തു. വിവിധ വിഷയങ്ങളിൽ ഹൗസ് പ്രോഗ്രാമുകളും സ്റ്റാൾ പ്രോഗ്രാമുകളും നടത്തി. മൂന്ന് കുട്ടികൾക്ക് ആവശ്യമായ മരുന്നുകളും നൽകി.

## സ്ത്രീശാക്തീകരണ പരിപാടി

പിന്നോക്കം നിൽക്കുന്ന ഗ്രാമീണവനിതകളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനും അവർക്കെതിരെ അക്രമങ്ങൾ തടയുകയും സ്ത്രീകളെ നേതൃത്വസ്ഥാനത്തേക്ക് എത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കാരിത്താസ് റീജണൽ ഓർഗനൈസേഷൻ ഫോർ സോഷ്യൽ സർവ്വീസിന്റെ നേതൃത്വത്തിലും സഹായത്താലും നടത്തപ്പെടുന്ന ഈ പദ്ധതിയിൽ 229 സ്വസഹായ അംഗങ്ങളും ഉണ്ട്. ഈ പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും ഇടുവള്ളി, ഇണ്ടുവള്ളി, ഷിമോഗ, ഉമ്പളെബൈലു എന്നീ സ്ഥലങ്ങളിൽ നടന്നു വരുന്നു.

ഈ പദ്ധതിയുടെ ഭാഗമായി ജൂൺ 15–ാം തീയതി ഈ പദ്ധതിയെക്കുറിച്ചുള്ള അവലോകനത്തിന്റെ റിപ്പോർട്ട് ക്രോസിൽ വെച്ച് അവതരിപ്പിക്കുകയും പുതിയ പദ്ധതി തുടങ്ങുന്നതിനെകുറിച്ചുള്ള അഭിപ്രായങ്ങൾ ആരായുന്നതിനും വേണ്ടിയുള്ള യോഗത്തിൽ മലനാട് സോഷ്യൽ സർവ്വീസ് വിഭാഗം ഡയറക്ടർ ഫാ. അബ്രഹാം അരീപ്പറമ്പിൽ, പ്രോഗ്രാം മാനേജർ ശ്രീ ജറാർദ്, ഈ പദ്ധതിയുടെ കോ–ഓർഡിനേറ്റർ മിസ് പത്മ എന്നവർ പങ്കെടുക്കുകയും ചെയ്തു.

ഡയറക്ടർ
ഫാ. അബ്രഹാം അരീപ്പറമ്പിൽ

# BISHOP'S DIARY

## JULY 2018

01 : July to 06 August: Participated in the Mission Appeal Program in the US

## AUGUST 2018

17 : Participated in the health Commission meeting at KROSS in Bangalore

19 : Offered Holy Eucharist at St. Joseph's Church, Shimoga

27 : Received Provincial Superior of CMC Euphrasia Province at the Bishop's House

28 : Offered Holy Eucharist at Little Flower Cathedral, N.R. Pura, on the occasion of the First Death Anniversary of Rev. Sr. Annie Jose CMC

## SEPTEMBER 2018

01 : Offered Holy Eucharist at St. Mary's Forane Church, Kuravilangad on the occasion of the Ettunombu Celebration; visited Mookenthottathil and Vellaramkalayil families

02 : Officiated the Funeral Service for Mrs. Kunjumol Ovelil and offered Holy Mass at St. Thomas Forane Church, Erattayar

03 : Offered Holy Eucharist at Snehagiri Convent, Erattayar; visited Bishop's House, Idukki and also some of the places affected by the recent floods; visited Thekkekutt family

04 : Celebrated Holy Mass at Snehagiri Convent, Erattayar; visited neighbours and sick people

05 : Offered Holy Eucharist at Snehagiri Convent, Erattayar; visited Odackal and Chethiyil families; stayed at Sanathana Seminary, Thamarassery

06 : Visited the family of Mr. Sajan Patharamchira at Podippara and offered prayers for their deceased father

07 : Offered Holy Eucharist at St. Mary's Church, Chettikudige, on the occasion of Ettunombu celebration

08 : Offered Holy Mass at Little Flower Cathedral on the Feast of Nativity of Our Lady; Celebrated Holy Eucharist at St. Mary's Church, Holehonnur on the occasion of the Parish Feast

09 : Participated in the Lucky Draw of SMYM at Bodhana

12 – 14: Participated in the KRCBC Annual Meeting at KROSS, Bangalore

14 : Travel to Mangalore along with Bishops, Francis Serrao of Shimoga and Robert Miranda of Gulburga to participate the Episcopal Ordination of Msgr. Peter Paul Saldanha; stayed at St. Joseph's Seminary, Mangalore

15 : Participated in the Episcopal Ordination of Msgr. Peter Paul Saldanha, newly elected Bishop of Mangalore

25 : Received ASMI Sisters at the Bishop's House

26 : Visited together with Frs. James Pulthakidiyel and Thomas Kulathumkal, Sacred Heart Church and ASMI Convent Anandapuram; Sacred Heart Church, Hosur, Induvally; and Mavinagundy near Jog falls

28 : Received Rev. Sr. Mercitta, S.H. Provincial Superior, Mananthavady at the Bishop's House; received Rev. Fr. Jose Thottankara, MCBS Zion Provincial Superior at the Bishop's House

29 : Presided over the meeting of the Diocesan Pastoral Council on the formation of Karnataka Syro-Malabar Catholic Association (KSMCA) in Bhadravathi; classed were led by Mr. K. K. Sebastian, Mr. Xavier Palely and Mr. Bitty Nedunilam from Belthangady

# BISHOP'S PROGRAMME

## OCTOBER 2018

09 : Monthly Recollection

10 : Monthly Recollection

11 : Monthly Recollection

13 : Holy Mass, St. Alphonsa parish, Umblebylu

14 : CML Leadership Seminar, Mandya

20 : Chamakalayil Kudumbayogam, Hosur, Induvally; 100th Birth day felicitation, Bhadravathi; One Day Bible Convention, N. R. Pura

25 : Diocesan Day Celebration, Bodhana Pastoral Centre

27 : Rev. Fr. Mathew Kizhakkemury memorial celebration, Iduvally

28 : Silver Jubilee of Little Flower Church, Bhatkal

## NOVEMBER 2018

05 : Marriage of Mr. Arun Kannampally, Makkod

06 : Silver Jubilee Celebration of Rev. Fr. Paul Koottala, N.R. Pura

11 : Visit to St. Ephrem's Seminary, Satna

12 : Golden Jubilee of the Diocese of Satna

14 : Engaged, Sagar

17 : Engaged, Ujjain

19 – 24: Priests' Annual Retreat, Diocese of Bhadravathi at Bodhana Pastoral Centre

26 – 28: MPC Program, Bodhana Pastoral Centre

**DECEMBER 2018**

04 : Meeting of the college of consultors

08 : Meeting of the Managers and HMs of the schools in the diocese of Bhadravathi at Bodhana

16 : Pastoral Visit

23 : Pastoral Visit

24 : Christmas Eve. Holy Mass at Little Flower Cathedral, NR Pura

25 : Christmas

27 : Priestly Ordination

28 : Priestly Ordination

29 : Priestly Ordination

31 : Priestly Ordination

# ಧರ್ಮಪ್ರಾಂತ್ಯದ ವಾರ್ತೆಗಳು

## ಧರ್ಮಪ್ರಾಂತ್ಯ ದಿನ: 2018

ನಮ್ಮ ಧರ್ಮಪ್ರಾಂತ್ಯದ 11 ನೇ ವರ್ಷದ ವಾರ್ಷಿಕೋತ್ಸವ 2018 ಅಕ್ಟೋಬರ್ 25ಕ್ಕೆ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ಆಚರಿಸುತ್ತಿದ್ದೇವೆ. ಧರ್ಮಪ್ರಾಂತ್ಯದ ದಿನದ ಅಂಗವಾಗಿ ಅಕ್ಟೋಬರ್ 01 ರಿಂದ 24 ರವರೆಗೆ ನಮ್ಮ ಧರ್ಮ ಪ್ರಾಂತ್ಯದ ಎಲ್ಲಾ ದೇವಾಲಯಗಳಲ್ಲಿ ಒಂದು ದಿನ ಪ್ರಾರ್ಥನಾ ದಿನವನ್ನಾಗಿ ನಾವು ಆಚರಿಸುತ್ತಿದ್ದೇವೆ. ವಿವಿಧ ದೇವಾಲಯಗಳಿಗೆ ನಿಗದಿಪಡಿಸಿರುವ ಪ್ರಾರ್ಥನಾ ದಿನಗಳ ವಿವರಗಳನ್ನು ಈ ಕೆಳಗೆ ನೀಡಲಾಗಿದೆ.

ಧರ್ಮಪ್ರಾಂತ್ಯ ದಿನದ ಅಂಗವಾಗಿ ವೈವಾಹಿಕ ಜೀವನದ ಸುವರ್ಣಮಹೋತ್ಸವ, ಸನ್ಯಾಸ, ಪೌರೋಹಿತ್ಯ ಜೀವನದ ರಜತ/ಸುವರ್ಣ ಮಹೋತ್ಸವ, ಧರ್ಮೋಪದೇಶ ಶಿಕ್ಷಕ ವೃತ್ತಿಯಲ್ಲಿನ ರಜತ ಮಹೋತ್ಸವ, ಎಸ್.ಎಸ್.ಎಲ್.ಸಿ ಪರೀಕ್ಷೆಯಲ್ಲಿ ಅತಿ ಹೆಚ್ಚು ಅಂಕ ಪಡೆದ ವಿದ್ಯಾರ್ಥಿಗಳು, ಇನ್ನಿತರೆ ಯಾವುದೇ ವಿಷಯಗಳಲ್ಲಿ ಸಮಾಜದಿಂದ ಗುರುತಿಸಲ್ಪಟ್ಟು, ಸನ್ಮಾನಿತರಾಗಿರುವವರನ್ನು ಧರ್ಮಪ್ರಾಂತ್ಯ ದಿನದಲ್ಲಿ ಗೌರವಿಸಲಾಗುವುದು. ಧರ್ಮಪ್ರಾಂತ್ಯ ದಿನದಲ್ಲಿ ಸನ್ಮಾನಿತರಾಗುವವರ ವಿವರಗಳನ್ನು ಅಕ್ಟೋಬರ್:15ರೊಳಗಾಗಿ ಸಂಬಂಧಪಟ್ಟ ದೇವಾಲಯಗಳ ಮುಖ್ಯ ಗುರುಗಳು ಧರ್ಮಪ್ರಾಂತ್ಯದಲ್ಲಿ ಸಲ್ಲಿಸಲು ತಿಳಿಸಿದೆ. ಅಕ್ಟೋಬರ್: 25 ರಂದು ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ನಡೆಯುವ ಧರ್ಮಪ್ರಾಂತ್ಯ ದಿನದ ಕಾರ್ಯಕ್ರಮಕ್ಕೆ ಎಲ್ಲಾ ಗುರುವೃಂದದವರೂ, ಸನ್ಯಾಸಿನಿ ಸಮೂಹದ ಪ್ರತಿನಿಧಿಗಳು, ಧರ್ಮಪ್ರಾಂತ್ಯದ ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್ ಸದಸ್ಯರು, ದೇವಾಲಯಗಳ ಕಾರ್ಯಕಾರಿ ಸಮಿತಿಯವರು, ಧರ್ಮಪ್ರಾಂತ್ಯ ದಿನದಲ್ಲಿ ಗೌರವಿಸಲ್ಪಡುವವರು ಪಾಲ್ಗೊಳ್ಳತಕ್ಕದ್ದು.

### DAY SCHEDULE

| | | |
|---|---|---|
| 09.15 am | : | Arrival, Registration |
| 09.30 am | : | Adoration of the Blessed Sacrament |
| 10.15 am | : | Holy Qurbana |
| 11.45 pm | : | Public Meeting |
| 12.45 pm | : | Lunch |
| 01.30 pm | : | Departure |

## PRAYER DAY IN PREPARATION TO THE DIOCESAN DAY 2018

| | | |
|---|---|---|
| October 01 | : | Anandapuram, Sacred Heart Church |
| October 02 | : | Anavatty, Kristuraj Church |
| October 03 | : | Balehonnur, St. George Church |
| October 04 | : | Bhadravati, Infant Jesus Church |
| October 05 | : | Chettikudige, St. Mary's Church |
| October 06 | : | Davangere, St. Joseph's Church |
| October 07 | : | Gorigandi, St. Thomas Church |
| October 08 | : | Holehonnur, St. May's Church |
| October 09 | : | Hossur (Induvally), Sacred Heart Church |
| October 10 | : | Iduvally, St. Antony's Church |
| October 11 | : | Koppa, St. Norbert Church |
| October 12 | : | Makkod, St. Sebastian's Church |
| October 13 | : | N.R.Pura, Little Flower Church |
| October 14 | : | Mallandur, St. Alphonsa Church |
| October 15 | : | Masthikatte, St. Peter's Church |
| October 16 | : | Muthinakoppa, St. Ann's Church |
| October 17 | : | Nagavally, Lourd Matha & Kogar, St. Mary's Church |
| October 18 | : | Ripponpet, Good Shepherd Church |
| October 19 | : | Sagar, St. Thomas Church; Jog & Kargal |
| October 20 | : | **ONE DAY CONVENTION AT NRPURA** |
| October 21 | : | Shettikoppa, St. Joseph's Church |
| October 22 | : | Shimoga, St. Joseph's Church |
| October 23 | : | Umblebylu St. Alphonsa Church |
| October 24 | : | Varkatta (Hanthuvani), St. Antony's Church |
| October 25 | : | **DIOCESAN DAY CELEBRATION AT BODHANA** |

## ಆಲೋಚನಾ ಸಮಿತಿ:

2018 ಜೂನ್ 26ರ ಮಧ್ಯಾಹ್ನ: 02–30ಕ್ಕೆ ಧರ್ಮಪ್ರಾಂತ್ಯದ ಆಲೋಚನಾ ಸಮಿತಿಯವರು ಅತಿ ವಂದನೀಯ ಧರ್ಮಾಧ್ಯಕ್ಷರ ಅಧ್ಯಕ್ಷತೆಯಲ್ಲಿ ಸಭೆ ಸೇರಿದರು.

ಮುಂದಿನ ಸಭೆ 2018 ಸೆಪ್ಟಂಬರ್ 19ಕ್ಕೆ ಸೇರಲು ತೀರ್ಮಾನಿಸಲಾಯಿತು. ಆದರೆ ಕೇರಳ ಹಾಗೂ ಕರ್ನಾಟಕದ ಕೆಲವೆಡೆ ಸಂಭವಿಸಿದ ನೆರೆ ಹಾವಳಿಯಿಂದ ಯಾವ ರೀತಿಯಲ್ಲಿ ನಮ್ಮ ಧರ್ಮಪ್ರಾಂತ್ಯವು ನೆರವು ನೀಡಲು ಸಾಧ್ಯ ಎಂಬುದರ ಬಗ್ಗೆ ಚರ್ಚಿಸಲು ಆಲೋಚನಾ ಸಮಿತಿಯ ಹಾಗು ಪಾಸ್ಟರಲ್ ಕೌನ್ಸಿಲಿನ ಸೆಂಟರಲ್ ಸಮಿತಿಯವರ ಒಂದು ಸಂಯುಕ್ತ ಸಭೆ 2018 ಆಗಸ್ಟ್ 25ರ ಸಂಜೆ 4–30ಕ್ಕೆ ಬೋಧನಾ ಪಾಸ್ಟೆರಲ್ ಸೆಂಟರಿನಲ್ಲಿ ಸೇರಲಾಯಿತು. ಆಪತ್ತಿನಲ್ಲಿರುವವರಿಗೆ ಸಹಾಯಹಸ್ತ ನೀಡುವುದರಲ್ಲಿ ಎಲ್ಲರೂ ತೋರಿಸಿದ ಮಹನೀಯ ಕಾರ್ಯಕ್ಕೆ ಪೂಜ್ಯ ಧರ್ಮಾಧ್ಯಕ್ಷರು ಎಲ್ಲರಿಗೂ ವಂದನೆಯನ್ನು ಸಲ್ಲಿಸಿದರು. ನೆರೆ ಸಂತ್ರುಪ್ತರಿಗಾಗಿ ಶೇಖರಿಸಿದ ವಸ್ತುಗಳು, ವಸೂಲಿಯಾದ ಹಣವನ್ನು ಯಾವ ರೀತಿಯಲ್ಲಿ ವಿನಿಯೋಗಿಸಬೇಕು ಎಂಬುದನ್ನು ಚರ್ಚಿಸಿ ತೀರ್ಮಾನಿಸಲಾಯಿತು.

## ಪಾಸ್ಟರಲ್ ಕಾನ್ಸಿಲ್:

ಧಮಾಪ್ರಾಂತ್ಯದ ನಾಲ್ಕನೇ ಪಾಸ್ಟರಲ್ ಕೌನ್ಸಿಲ್‌ನ ಸಮ್ಮೇಳನ 2018 ಸೆಪ್ಟಂಬರ್ 29 ಕ್ಕೆ ಬೆಳಗ್ಗೆ 10–30 ಕ್ಕೆ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ಸೇರಲಾಗುವುದು. ಪಾಸ್ಟರಲ್ ಕಾನ್ಸಿನಲ್‌ನ ಎಲ್ಲಾ ಸದಸ್ಯರನ್ನೂ ಈ ಸಭೆಗೆ ಸ್ವಾಗತಿಸುತ್ತಿದ್ದೇವೆ

**Commission Directors**

| | | |
|---|---|---|
| Commission for Evangelization and Proclamation & CML | : | Rev. Fr. Sebastian Pulllukatt |
| Spiritual Director, Commission for Women / Mathruvedhi | : | Rev. Fr. James Pulthakadiyel |

## ಗುರುವೃಂದದವರ ಧ್ಯಾನ:

ಧಮಾಪ್ರಾಂತ್ಯದಲ್ಲಿ ಸೇವೆ ಸಲ್ಲಿಸುತ್ತಿರುವ ಗುರುವೃಂದದವರಿಗಾಗಿ ವಾರ್ಷಿಕ ಧ್ಯಾನ 2018 ನವೆಂಬರ್ 19 ರಿಂದ 23 ರವರೆಗಿನ ದಿನಾಂಕಗಳಲ್ಲಿ ಬೋಧನಾ ಪಾಸ್ಟರಲ್ ಸೆಂಟರಿನಲ್ಲಿ ನಡೆಸಲಾಗುವುದು. ವಂದನೀಯ ಬಾಬು ಪಾಣಾಟುಪರಂಬಿಲ್ ಗುರುಗಳು ಧ್ಯಾನ ನಡೆಸಿಕೊಡುವರು. ಎಲ್ಲಾ ವಂದನೀಯ ಗುರುವೃಂದದವರೂ ಧ್ಯಾನಕೂಟದಲ್ಲಿ ಭಾಗವಹಿಸಲು ಈ ಮೂಲಕ ವಿನಂತಿಸಿದೆ.

**ರೆ.ಫಾ. ಫ್ರಾನ್ಸಿಸ್ ಅಳ್ಳುಂಪುರಂ**
ಧರ್ಮಪ್ರಾಂತ್ಯದ ಛಾನ್ಸಲರ್.